പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 2977

28.01..2014 -ൽ
മറുപടിയ്ക്ക്

## ഐ.എച്ച്.ആർ.ഡി.ക്ക് കൈമാറിയ കുഴൽമന്ദം പോളിടെക്നിക്

| ചോദ്യം<br>ശ്രീ. എ. കെ. ബാലൻ | ഉത്തരം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കുഴൽമന്ദം മോഡൽ പോളിടെക്നിക് കോളേജ് 28.09.2012 ലെ ജി.ഒ.(എം.എസ്) 22/12/പിഡി നമ്പർ ഉത്തരവ് പ്രകാരം പൂർണ്ണമായും ഐ.എച്ച്.ആർ.ഡി –ക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;<br>(ബി) സർക്കാർ ഉത്തരവ്, സബ്ജക്ട് കമ്മിറ്റിയുടെ 16.07.2012, 22.12.2012, 25.03.2013 തീയതികളിലെ യോഗങ്ങൾ എന്നിവയുടെ തീരുമാന പ്രകാരം കോളേജ് കൈമാറ്റം സംബന്ധിച്ച തീരുമാനങ്ങൾ എ.ഐ.സി.ടി.ഇ യും ഐ.എച്ച്.ആർ.ഡി.യും നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം തീരുമാനങ്ങളാണ് ഇനി നടപ്പാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;<br>(സി) ബി.എസ്.എൻ.എൽ നടത്തുന്ന കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഐ.എച്ച്. ആർ.ഡി ക്ക് കൈമാറുന്നതിന് നിലവിൽ തടസ്സം ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) (ബി) & (സി) പൂർണ്ണമായും കൈമാറിയിട്ടില്ല. സ്ഥലം കൈമാറുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരികയാണ്. കെട്ടിട നിർമ്മാണം പൂർത്തിയായിട്ടില്ല. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. കരാറുകാരന് നിയമപരമായ കാരണത്താൽ പേയ്മെന്റ് ലഭിക്കാത്തതിനാലാണ് നിർമ്മാണം നിർത്തി വച്ചിരിക്കുന്നത് എന്നാണ് അറിയാൻ സാധിച്ചത്. |

| | | | |
|---|---|---|---|
| (ഡി) | കോളേജിനും കോഴസിനും എ.ഐ.സി.റ്റി.ഇ. അംഗീകാരം നേടിയെടുക്കാൻ കോളേജ് ലഭിച്ചശേഷം ഐ.എച്ച്.ആർ.ഡി. എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) & (ഇ) | AICTE നിഷ്ക്കർഷിച്ചിട്ടുള്ള സൗകര്യങ്ങൾ ഐ.എച്ച്.ആർ.ഡി. ഒരുക്കി ക്കൊണ്ടിരിക്കുന്നു. ആയത് പൂർത്തിയായി കഴിഞ്ഞാൽ 2014-15 വർഷം മുതൽ AICTE അംഗീകാരത്തോടെ കുഴൽമന്ദം മോഡൽ പോളിടെക്നിക്കിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ സാധിക്കും. |
| (ഇ) | 2014 –15 അധ്യയന വർഷം മുതൽ എ.ഐ.സി.റ്റി.ഇ. അംഗീകാരത്തോടെ കോഴ്സുകൾ ആരംഭിക്കുകയും, വിദ്യാർത്ഥി പ്രവേശനത്തിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | | |
| (എഫ്) | എ. ഐ സി.റ്റി.ഇ . അംഗീകാരം ലഭിച്ചില്ലെങ്കിൽ അടുത്ത അധ്യയന വർഷം (2014–15) മുതൽ കോളേജിൽ വിദ്യാർത്ഥി പ്രവേശനം സാധ്യമാകുമോയെന്നും, വിദ്യാർത്ഥി പ്രവേശനം നടന്നില്ലെങ്കിൽ കോളേജ് അടച്ചു പൂട്ടേണ്ട സ്ഥിതിവിശേഷം ഉണ്ടാകുമോയെന്നും വ്യക്തമാക്കുമോ; ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ കോളേജ് പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (എഫ്) | AICTE അംഗീകാരം 2014-15 കാലയളവിലേയ്ക്ക് ലഭിച്ചില്ലെങ്കിൽ അടുത്ത അദ്ധ്യയന വർഷം കോളേജിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ സാധിക്കില്ല. എന്നാൽ കോളേജ് അടച്ച് പൂട്ടുകയില്ല. പ്രവേശനം നടന്നില്ലെങ്കിൽ കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, കോളേജിന് അംഗീകാരം ലഭിക്കുന്നത് വരെ താല്ക്കാലികമായി തുടരും. കോളേജിന്റെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

*സെക്ഷൻ ഓഫീസർ*